MR. P. K. KRISHNAN SASTRI : അങ്ങനെ മാറ്റിവയ്ക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ?

HON'BLE MR. G. RAMACHANDRAN : പ്രത്യേക കാരണമുണ്ടെന്നു് പറയാനില്ല. ഇപ്പോഴത്തന്നെ പന്ത്രണ്ടോളം കാളനികൾ നടത്തി വരുന്നുണ്ടു്. അതിനു് വലുതായ ഒരു തുകയും ചെലവാക്കുന്നുണ്ടു്. ഈ കാളനികളുടെ നടത്തിപ്പുതന്നെ തൃപ്തികരമാംവണ്ണം നടത്തിക്കണ്ടതിനു ശേഷം പുതിയതായി എന്തെങ്കിലും തുടങ്ങിയാൽ മതി എന്നാണു ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്.

MR. P. K. KRISHNAN SASTRI : ഈ സ്ഥലം പിന്നോക്കസമുദായത്തിലുള്ളവർക്കു പതിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : അതേപ്പറ്റി അന്വേഷിക്കാം.

## മണ്ണെണ്ണക്ഷാമം.

184. MR. MOHAMMED MUSTAFA (*Pathanapuram Muslim Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രി സഭയെ മറുപടി പറയുമോ ?

(എ) മണ്ണെണ്ണക്ഷാമം പെട്ടെന്നു് ഇത്രവളരെ ഗുരുതരമാകുവാനുള്ള കാരണങ്ങളെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതു വെളിപ്പെടുത്തുമോ ?

(ബി) തൻമൂലം ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളും വിദ്യാർത്ഥികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ ലഘൂകരിക്കാൻ എന്തെങ്കിലും ഉടനടി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. A. THANU PILLAI : (a) Yes. The scarcity of kerosene oil in the State is due to the fact that the quota for the State has been considerably reduced by the Government of India from May 1948 onwards.

(b) The present situation could be eased only if the kerosene oil quota for this State is increased by the Government of India.

## *Construction of a Bridge at Moolaplackal.*

185 MR. P. T. CHACKO (*Kottayam II—General*) : Will the Hon'ble Minister for public works be pleased to state :

(a) whether the Government have at any time sanctioned the construction of a bridge at Moolaplackal, Manimala;

(b) whether some preliminary works were done;

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko]

(c) what amount has been spent for works already done; and

(d) whether the Government intend to complete the work within a year?

HON'BLE MR. A. ATCHUTHAN : മൂലപ്ലാക്കൽ ഒരു പാലം പണിയുന്നതിന് അനുവാദം കൊടുത്തിട്ടുണ്ടായിരുന്നു. അല്ല്യം ഒരു പാലം തന്നെ പണിയുന്നതിനാണ് അനുവാദം കൊടുത്തിരുന്നതു്. പിന്നീട് അവിടെ ഒരു ക്രാസ്വേ പണിയുന്നതിന് വേണ്ട വ്യവസ്ഥ ചെയ്യുകയും അതിനുള്ള പണം അനുവദിക്കുകയും ക്രാസ്വേ പണിയിക്കുകയും ചെയ്തു. അതു നഷ്ടപ്പെട്ടുപോയി. ക്രാസുവേക്കു വേണ്ടി ഫണ്ടനുവദിച്ച പാലം പണികാര്യത്തു് ചെലവായി. ഇപ്പോൾ ഒരു പാലം പണിയുന്നതിനുള്ള ആലോചന നടന്നുകൊണ്ടിരിക്കുകയാണു്.

MR. P. T. CHACKO : ഈ പാലം എത്ര കാലത്തിനകം പണിചെയ്തീരുമെന്നു പ്രതീക്ഷിക്കാം?

HON'BLE MR. A. ATCHUTHAN : കോട്ടയം ഡിവിഷൻ ആഫീസറോട് എസ്റ്റിമേറു തയാറാക്കാൻ ആവശ്യപ്പെട്ടു ചെയ്തിട്ടുണ്ടു്.

MR. P. T. CHACKO : കുറെ നാളത്തേക്കു താൽകാലം നാട്ടി, പലകയിട്ടു് അതുവഴി ആളുകൾക്കു നടന്നു പോകത്തക്കവണ്ണം ഏർപ്പാടു ചെയ്തിരുന്നു. അങ്ങനെയെങ്കിലും ചെയ്യുവാൻ ഒരുമ്പെടാമോ?

HON'BLE MR. A. ATCHUTHAN : അതല്ല, പാലംതന്നെ പണിയുന്നതിനാണ് ആലോചന നടന്നുവരുന്നതു്.

### *Control of Bunchytop disease.*

186. MR. P. T. CHACKO : Will the Honourable Minister for Agriculture be pleased to state :

(*a*) the number of public servants at present engaged in the control of bunchytop disease of plantains ;

(*b*) the total amount spent in 1123 M. E., in connection with the control of bunchytop disease of plantains ;

(*c*) whether the Field-men appointed in connection with the same had any work in the latter half of 1123 M. E., and

(*d*) if so, the nature of the work they have done ?

HON'BLE MR. K. M. KORAH: (*a*) Four Demonstrators and Forty Field-men.

(*b*) Rs. 28,745-5-14.

(*c*) Yes.

(*d*) Causing the destruction of diseased plantains and advising cultivators on the methods of combating the disease.

MR. P. T. CHACKO : ഈ വാഴവെട്ടുചികിത്സ ഇനിയും തുടർന്നുകൊണ്ടു പോകുവാൻ ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly